കേരള കാർഷികസർവകലാശാല
പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്
കാസറഗോഡ്-671310

ബി3- 2109/2024 തീയതി: 26.06.2024

## പുനർദർഘാസ് പരസ്യം

പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിലെ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനായി ഡ്രൈവർ ഉൾപ്പെടെ വാഹനങ്ങൾ വാടകയ്ക്ക് നൽകാൻ താത്പര്യമുള്ള വ്യക്തികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

(15.03.2024 –ലെ KAUGA/4374/2023-GA-P1 നമ്പർ ഉത്തരവ്)

| | |
|---|---|
| ദർഘാസ് പരസ്യ നമ്പർ | **B3-2109/2024** |
| ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതി | **10.07.2025, 3.00 മണി** |
| ദർഘാസ് തുറക്കുന്ന തീയതി | **10.07.2025, 3.30 മണി** |
| ദർഘാസ് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും മേൽ വിലാസവും | **അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്** |
| ദർഘാസ് കാലാവധി | **ഒരു വർഷം** |
| ദർഘാസ് അടക്കം ചെയ്ത കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടത്. | **"ഡ്രൈവർ ഉൾപ്പെടെ വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ദർഘാസ്"** |
| നിരത ദ്രവ്യം | **1000/- രൂപ** |

| വാഹനങ്ങളുടെ വിശദാംശങ്ങൾ | |
|---|---|
| ഇനം | എണ്ണം |
| Five seater LMV | 1 |
| Seven seater LMV | 1 |
| 1 + 1 seater & carriage (Pick-up) | 1 |

1. ഈ ഓഫീസിൽ നിന്നും ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫോറത്തിൽ മാത്രം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം ക്വട്ടേഷൻ നിരുപാധികം നിരസിക്കുന്നതാണ്. ഫോറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്.
2. മിനിമം ചാർജിൽ എത്ര കിലോമീറ്റർ ഓടുമെന്ന വിവരവും തുടർന്നുള്ള ഓരോ കിലോമീറ്ററിനു വരുന്ന നിരക്കും ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്.
3. മറ്റേതെങ്കിലും ചാർജ് കൂടുതലായി (ഡ്രൈവറുടെ TA/DA, ഹാൾട്ട് വാടക, പെർമിറ്റ് ഫീ തുടങ്ങിയവ) ബാധകമാണെങ്കിൽ വിവരം ക്വട്ടേഷനിൽ കാണിച്ചിരിക്കണം.
4. വാഹനങ്ങളുടെ പ്രവർത്തന സമയം, വാഹനം ഓടേണ്ട ദൂരം, സ്ഥലം എന്നിവ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ നിർദേശിക്കുന്ന പ്രകാരമായിരിക്കും.
5. വാഹനം ഓടുന്നതിനുള്ള ഒരു ദിവസത്തെ മിനിമം നിരക്ക് സൂചിപ്പിച്ചിരിക്കണം
6. A/C ഉള്ളതിന്റെയും ഇല്ലാത്തതിന്റെയും നിരക്കുകൾ പ്രത്യേകം കാണിച്ചിരിക്കണം.

7. വാഹനത്തിന്റെ ആർ.സി, ഇൻഷ്വറൻസ്, ടാക്സ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവറുടെ ലൈസൻസ് എന്നിവയുടെ പകർപ്പ് വിജയിയായ ദർഘാസുകാരൻ/ദർഘാസുകാർ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
8. കരാറുകാരന് ദർഘാസ് തുകയ്ക്ക് പുറമെ കേന്ദ്രത്തിലോ കാർഷിക സർവകലാശാലയിലോ യാതൊരു അവകാശങ്ങളോ ആനുകൂല്യങ്ങളോ ഉണ്ടായിരിക്കുന്നതല്ല.
9. ആവശ്യമെങ്കിൽ ഡ്രൈവറെ നീക്കം ചെയ്യാനുള്ള അവകാശം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
10. വാഹനത്തിൽ ജോലിക്ക് നിയോഗിക്കുന്ന ഡ്രൈവറുടെ നിയമപ്രകാരമുള്ള പരിരക്ഷ, അവകാശങ്ങൾ മുതലായ പാലിക്കാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരന്റേതായിരിക്കും. ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക്/ വാഹനത്തിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും തേയ്മാനത്തിനും കരാറുകാരൻ മാത്രമായിരിക്കും ഉത്തരവാദി.
11. കരാർ ഏതു സമയത്തും റദ്ദ് ചെയ്യാനുള്ള അവകാശം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
12. കേന്ദ്രത്തിന്റെ ആവശ്യങ്ങൾക്കായി വാഹനം ആവശ്യമുള്ള ദിവസങ്ങളിൽ/സമയങ്ങളിൽ മാത്രമേ വാഹനം കേന്ദ്രത്തിൽ എത്തിക്കേണ്ടതുള്ളൂ.
13. ദർഘാസ് സ്വീകരിക്കുന്നതിനോ കാരണം കാണിക്കാതെ തള്ളിക്കളയുന്നതിനോ ഉള്ള പൂർണ്ണ അധികാരം അസോസിയേറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർക്കാർ ദർഘാസിന്റെ പ്രസക്തമായ എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
14. നിലവിലെ സർക്കാർ വ്യവസ്ഥകൾക്കനുസരിച്ച് ആവശ്യമെങ്കിൽ ആദായ നികുതി ഈടാക്കുന്നതായിരിക്കും.
15. ദർഘാസ് ദിവസം ഏതെങ്കിലും കാരണവശാൽ അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 04672260632.

ഒപ്പ്/-

ഡോ.വനജ.ടി

അസോസിയേറ്റ് ഡയറക്ടർ

പകർപ്പ്:

1. പഞ്ചായത്ത് ഓഫീസ് പിലിക്കോട്/ചെറുവത്തൂർ/നീലേശ്വരം മുനിസിപ്പാലിറ്റി
2. വെബ്സൈറ്റ്
3. ഫാം ഇൻ-ചാർജ്
4. ഫാം സൂപ്രണ്ട്
5. നോട്ടീസ് ബോർഡ് ഓഫീസ്/ഫാം

**// അംഗീകാരത്തോടെ//**

**സെക്ഷൻ ഓഫീസർ**

പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം പിലിക്കോട്

വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നതിനുള്ള ക്വട്ടേഷൻ

ക്വട്ടേഷൻ നം.

| | | | |
|---|---|---|---|
| വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റി (✓) | 5 സീറ്റ് | 7 സീറ്റ് | 1+1 സീറ്റ് carriage (pickup) |
| A/C ഉണ്ടോ?/ ഇല്ലയോ? | | | |
| മിനിമം ചാർജ്<br>AC/Non AC rate | | | |
| മിനിമം ചാർജിൽ ഓടുന്ന കിലോമീറ്റർ<br>AC/Non AC rate | | | |
| തുടർന്നുവരുന്ന ഓരോ കിലോമീറ്ററിനും വരുന്ന നിരക്ക്<br>AC/Non AC rate | | | |
| ഡ്രൈവറുടെ TA/DA (ഒരു ദിവസം) | | | |
| ഹാൾട്ട് നിരക്ക് (മണിക്കൂറിന്) | | | |
| ഒരു ദിവസം വാഹനം ഓടുന്നതിനുള്ള കുറഞ്ഞ നിരക്ക് | | | |
| ലൈസൻസിന്റെ വിവരം | | | |
| RC book –ന്റെ നമ്പർ | | | |

പൂർണ്ണ മേൽവിലാസം:

ഒപ്പ്:

ഫോൺ നമ്പർ: